**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **25-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ പോർട്ട് റീജണൽ പോർട്ടായി മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ അഴീക്കൽ പോർട്ട് റീജണൽ പോർട്ടായി ഉയർത്തിയതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് തുറമുഖ ഓഫീസിലെ ഓഫീസർ ഇൻ ചാർജ്ജിന് അഴീക്കൽ തുറമുഖത്തിന്റെ അധികചുമതല നല്കിയിട്ടുണ്ട്. |
| (ബി) | റീജണൽ പോർട്ട് ഓഫീസർ, അധിക ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അധിക ജീവനക്കാരെ ആവശ്യമെങ്കിൽ പുനർവിന്യസിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | റീജണൽ പോർട്ടായി വികസിപ്പിക്കുന്നതിന് അഴീക്കൽ തുറമുഖത്ത് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോന്നിന്റേയും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിലേക്കുള്ള നടപടികളും, കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായുള്ള പ്രവർത്തനവും, നാല് ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടി ക്രമങ്ങളും, തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണപ്രവർത്തനവും നടന്നുവരുന്നുണ്ട്. |
| (ഡി) | എമിഗ്രേഷൻ ക്ലിയറൻസിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തേണ്ടത് കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ്. ആയതിലേക്കുള്ള നടപടികളുടെ ഭാഗമായി ഇമിഗ്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർ അഴീക്കൽ തുറമുഖത്തെത്തി പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശീയരായ ജീവനക്കാരുമായി തുറമുഖത്തെത്തുന്ന ഇന്ത്യൻ വെസലുകൾക്ക് ഇമിഗ്രേഷൻ നടപടികൾ പൂർത്തീകരിച്ചു നല്കുന്നതിന് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ